REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 26-05-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് അതിശക്തമായി കാലവർഷം തുടരുന്നു. 11 ജില്ലകളിൽ ചുവപ്പ് ജാഗ്രതയും, മൂന്ന് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയുമാണ്.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി, ഇന്ന് അധികാരത്തിൽ പതിനൊന്ന് വർഷം പൂർത്തിയാക്കി.**
- **ഗുജറാത്തിൽ ദഹോദിലെ റെയിൽവെ ലോക്കോമോട്ടീവ് മാനുഫാക്ചറിംഗ് പ്ലാന്റ് പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു.**
- **ഇന്നലെ കൊച്ചി തീരത്തിനു സമീപം മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം.**
- **നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചു.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് കാലവർഷം അതിശക്തമായി തുടരുന്നു. അതിതീവ്ര മഴ സാധ്യത മുൻനിർത്തി കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് 11 ജില്ലകളിൽ ചുവപ്പ് ജാഗ്രതയും, മൂന്ന് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ ജില്ലകളിലാണ് ചുവപ്പു ജാഗ്രത.

കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും, മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

ഇന്ന് രാത്രി എട്ടര വരെ നാല് മീറ്ററിലധികം ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

കാലവർഷം ശക്തമായതിനെ തുടർന്ന് പാലക്കാട് ജില്ലയിൽ 40 വീടുകൾ ഭാഗികമായും നാലു വീടുകൾ പൂർണ്ണമായും തകർന്നു. കുന്തിപ്പുഴയുടെ ഭാഗമായ കുരുത്തിച്ചാലിൽ, പുഴയിൽ ഇറങ്ങിയ ഒരാളെ കാണാതായി. പൊലീസും ഫയർഫോഴ്സും ഇന്നും തിരച്ചിൽ തുടരും.

✪✪✪

തൂതപ്പുഴയിൽ ജലനിരപ്പ് ഉയർന്നതിനാൽ തൂതപ്പാലത്തിന് സമാന്തരമായി നിർമ്മിക്കുന്ന പുതിയ പാലത്തിന്റെ പ്രവൃത്തി താൽക്കാലികമായി നിർത്തിവെച്ചു. ശക്തമായ മഴയെത്തുടർന്ന് പുഴയിലേക്ക് നിർമ്മാണ യന്ത്രങ്ങളും വാഹനങ്ങളും കൊണ്ടുപോകാനുണ്ടാക്കിയ താൽക്കാലിക മൺറോഡ് ഒലിച്ചുപോയി. പുഴയിലെ വെള്ളം കുറഞ്ഞാൽ പ്രവൃത്തി പുനഃരാരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിൽ കനത്ത മഴയും ശക്തമായ കാറ്റും വ്യാപകമായ നാശം വരുത്തി. നിരവധി വീടുകൾ തകർന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ...

....(വോയ്സ് )........

കാലവർഷക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഇതുവരെ 64 വീടുകൾ ഭാഗികമായും ഒരു വീട് പൂർണമായും തകർന്നു തളിപ്പറമ്പ് താലൂക്കിലാണ് ഏറ്റവും കൂടുതൽ വീടുകൾ തകർന്നത് 20 വീടുകളാണ് തളിപ്പറമ്പിൽ തകർന്നിട്ടുള്ളത് കണ്ണൂർ താലൂക്കിൽ 18 വീടുകൾ ഭാഗികമായി തകർന്നു പയ്യന്നൂർ താലൂക്കിലാണ് ഒരു വീട് പൂർണമായും തകർന്നത് പയ്യന്നൂർ താലൂക്കിൽ 15 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്

ജില്ലയിൽ ഒരു മരണമാണ് കാലവർഷക്കെടുതിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് കഴിഞ്ഞദിവസം ചാലക്കുന്നിൽ ദേശീയപാത നിർമ്മാണത്തിനിടയിൽ മണ്ണിടിഞ്ഞ് ജാർഖണ്ഡ് സ്വദേശിയാണ് മരിച്ചത്

ജില്ലയിൽ ഇന്നും ശക്തമായ മഴ തുടരുകയാണ് പഴശ്ശി ഡാമിന്റെ 16 ഷട്ടറുകളിൽ 13 എണ്ണം ഉയർത്തിയിട്ടുണ്ട് രണ്ടു മീറ്ററും ഒന്നര മീറ്ററും ഒരു മീറ്ററും കണ്ടാണ് ഷട്ടറുകൾ ഉയർത്തിയിട്ടുള്ളത്

ഡാമിലെ ജലനിരപ്പ് ഇപ്പോൾ 24 മീറ്റർ ആണ്

ജില്ലയിലെ പ്രധാന പുഴകളെല്ലാം തന്നെ നിറഞ്ഞ് ഒഴുകുന്നു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നുണ്ട്

✪✪✪

ഇടുക്കിയിൽ ഇന്നലെ ആരംഭിച്ച മഴ ഇന്നും തുടരുകയാണ്. റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കർശന ജാഗ്രതയാണ് ജില്ലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ...

....(വോയ്സ്) ........

ഇടുക്കിയിൽ ഹൈ റേഞ്ച് - ലോ റേഞ്ച് വ്യത്യാസമില്ലാതെയുണ്ടായ ശക്തമായ മഴയിലും കാറ്റിലും നിരവധിയിടങ്ങളിൽ മരം വീഴ്ച്ചയും മണ്ണിടിച്ചിലും ഉണ്ടായി. നേര്യമംഗലം - മൂന്നാർ റോഡിലെ നിരവധിയിടങ്ങളിൽ മരം വീണ് ഭാഗികമായി ഗതാഗതം തടസപ്പെട്ടു. മൂന്നാറിൽ നിന്നും വട്ടവടയ്ക്കും മറയൂരിനുമുള്ള റോഡുകളിലും മണ്ണിടിഞ്ഞ് വീണു. അഗ്നിരക്ഷാ സേനയ്ക്കും പോലീസിനുമൊപ്പം നാട്ടുകാരും ചേർന്നാണ് എല്ലായിടത്തും തടസങ്ങൾ നീക്കി ഗതാഗതം പുനസ്ഥാപിക്കുന്നത്. തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന കുമളി ടൗണിലെ വ്യാപാര സ്ഥാപനങ്ങളിലും റോഡിലും വെള്ളം കയറി. മുട്ടം തോട്ടുങ്കരയിൽ പുഴ നിറഞ്ഞ് തീരത്തെ വീടുകളിൽ വെള്ളം കയറി. ജലനിരപ്പ് ഉയർന്നതിനാൽ മലങ്കര, കല്ലാർകൂട്ടി, ലോവർ പെരിയാർ എന്നീ ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി വെള്ളം പുറത്തേക്ക് ഒഴുക്കുന്നുണ്ട്. റെഡ് അലർട്ടിന്റെ പശ്ചാത്തലത്തിൽ ഇന്ന് ഇടുക്കിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന് പുറമേ ട്രക്കിങ്ങും ജലവിനോദങ്ങളും ഉൾപ്പെടെ ജില്ലയിലെ വിനോദ സഞ്ചാര മേഖലയിലും നിയന്ത്രണം ഏർപ്പെടുത്തി. എല്ലാവിധ ഖനന പ്രവർത്തനങ്ങളും 27 വരെ നിരോധിച്ചു.

✪✪✪

വൈദ്യുതി സംബന്ധമായ അപകടങ്ങളോ അപകട സാധ്യതയോ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം KSEB  സെക്ഷൻ ഓഫീസുകളിലോ 94 96 01 01 01 എന്ന നമ്പറിലോ അറിയിക്കണമെന്ന് മന്ത്രി K കൃഷ്ണൻകുട്ടി അറിയിച്ചു. ഈ നമ്പർ അടിയന്തര ആവശ്യങ്ങൾക്കു മാത്രമാണെന്ന് അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ മരിച്ചവരുടെ എണ്ണം നാലായി. ശക്തമായ മഴയിലും കാറ്റിലും ജില്ലയിൽ 40 ലേറെ വീടുകളാണ് ഇന്നലെ ഭാഗികമായി തകർന്നത്. മരങ്ങൾ വീണും മേൽക്കൂര തകർന്നും ഭിത്തി ഇടിഞ്ഞുവീണും മറ്റുമാണ് വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചത്. തുടർച്ചയായി പെയ്ത മഴയിൽ ജില്ലയുടെ പലഭാഗങ്ങളിലും വെള്ളക്കെട്ടുകൾ രൂപപ്പെട്ടു.

മലയോരമേഖലകളിൽ മഴ തുടരുകയാണ്. കോളിക്കലും പൂനൂരിലും, കുന്ദമംഗലത്തും പുഴകളിൽ ജലനിരപ്പ് ഉയർന്നു. ഇരുവഴിഞ്ഞി പുഴയിലും, ചാലിയാറിലും വെള്ളം കൂടിയിട്ടുണ്ട്.

✪✪✪

പത്തനംതിട്ട ജില്ലയിൽ മണിമല ആറിൽ മഞ്ഞ ജാഗ്രത നിലനിൽക്കുന്നതിനാൽ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം. മഴക്കെടുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി അഗ്നി സുരക്ഷാ വിഭാഗം, കൃഷിവകുപ്പ്, KSEB തുടങ്ങിയ വിഭാഗങ്ങൾ ജില്ലാ കൺട്രോൾ റൂം തുറന്നിട്ടുണ്ട്.

ഉച്ചയ്ക്ക് ഒന്നുവരെ പത്തനംതിട്ട ജില്ലയുൾപ്പെടെ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രഖ്യാപിച്ചത്. ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. ശക്തമായ കാറ്റിലും മഴയിലും മരങ്ങൾ ഒടിഞ്ഞുവീണും സംരക്ഷണ ഭിത്തികൾ തകർന്നുവീണും വ്യാപക നാശം ഉണ്ടായിട്ടുണ്ട്.

✪✪✪

കുമ്പള റെയിൽവെ സ്റ്റേഷനും, കാസർകോട് സ്റ്റേഷനുമിടയിൽ റെയിൽവെ ട്രാക്കിൽ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. കാസർകോട് അഗ്നിസുരക്ഷാ വിഭാഗവും, റെയിൽവെ ജീവനക്കാരും ചേർന്ന് മരം നീക്കം ചെയ്യാൻ ശ്രമം തുടങ്ങി.

രാവിലെ ഗുരുവായൂർ- തൃശൂർ റെയിൽപ്പാതയിലും മരം വീണ് ഗതാഗതം തടസ്സപ്പെട്ടിരുന്നു.

✪✪✪

തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും, കോയമ്പത്തൂരിലെ മലയോര മേഖലയിലും തമിഴ്നാട് കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. മണ്ണിടിച്ചിലും

വെള്ളപ്പൊക്കവും കണക്കിലെടുത്താണ് മറ്റന്നാൾ വരെ ചുവപ്പു ജാഗ്രതയെന്നും വകുപ്പ് അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി, ഇന്ന് അധികാരത്തിൽ പതിനൊന്ന് വർഷം പൂർത്തിയാക്കി. 2014 മെയ് 26 നാണ് അദ്ദേഹം ആദ്യമായി പ്രധാനമന്ത്രി സ്ഥാനമേറ്റത്. 30 വർഷത്തെ കൂട്ടുകക്ഷി ഭരണത്തിന്റെ അവസാനം കൂടിയായിരുന്നു നരേന്ദ്രമോദിയുടെ തിരഞ്ഞെടുപ്പ് വിജയം. വികസന മുദ്രാവാക്യത്തോടെ ഭരണമേറ്റ നരേന്ദ്രമോദി, 'സബ്കാ സാത്ത്, സബ്ക്കാ വികാസ്, സബ്ക്കാ വിശ്വാസ്, സബ്ക്കാ പ്രയാസ്" എന്ന മന്ത്രത്തോടെയാണ് മുന്നോട്ടു പോകുന്നത്.

കഴിഞ്ഞ 11 വർഷങ്ങളിൽ വികസനത്തിന്റെ എല്ലാ മേഖലകളിലും വൻ പുരോഗതി കൈവരിക്കാൻ അദ്ദേഹത്തിന്റെ നിലപാടുകൾക്ക് കഴിഞ്ഞു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനും, തൊഴിൽ ലഭ്യത ഉറപ്പാക്കാനും, ആഭ്യന്തര സുരക്ഷ ശക്തമാക്കാനും, ആഗോള രംഗത്ത് ഇന്ത്യയുടെ സ്ഥാനം മുൻനിരയിലാക്കാനും നരേന്ദ്രമോദിക്ക് കഴിഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി വഡോദരയിലെ റോഡ് ഷോയോടെ രണ്ട് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് തുടക്കം കുറിച്ചു. ദഹോദിലെ റെയിൽവെ ലോക്കോമോട്ടീവ് മാനുഫാക്ചറിംഗ് പ്ലാന്റ് പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു. പ്ലാന്റിൽ നിർമ്മിച്ച ആദ്യ ഇലക്ട്രിക് ലോക്കോമോട്ടീവ് അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു.

സന്ദർശന വേളയിൽ ദഹോദ്, ഭുജ്, ഗാന്ധി നഗർ എന്നിവിടങ്ങളിലെ 82,000 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിയ്ക്കുകയും, തറക്കല്ലിടുകയും ചെയ്യും.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന്, 1965 ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ ജീവ ത്യാഗം ചെയ്ത, പരം വീര ചക്ര, അവാർഡ് ജേതാവ്, കമ്പനി ക്വാർട്ടർ മാസ്റ്റർ, ഹവിൽദാർ അബ്ദുൾ ഹമീദിനെ അനുസ്മരിക്കുന്നു.

.....റിപ്പോർട്ട് ..........

(വോയ്സ് .....)

പടിഞ്ഞാറൻ ഉത്തർപ്രദേശിലെ ധാംപുർ ഗ്രാമത്തിൽ 1933 ൽ ജനിച്ച അബ്ദുൽ ഹമീദ് 1954 ലാണ് ഇന്ത്യൻ സൈന്യത്തിന്റെ ഭാഗമാകുന്നത്.1965 ലെ ഇൻഡോ പാക് യുദ്ധ കാലത്ത് പഞ്ചാബിലെ ചിമ ഗ്രാമത്തിനു സമീപം ഖേം കരൺ ബിഖിവിന്ദ് റോഡിൽ നാലാം ഗ്രനേഡിയർ സംഘം താവളമടിച്ചു. ഈ സ്ഥലം തന്ത്രപ്രധാന പ്രതിരോധ മേഖലയായിരുന്നു. സെപ്തംബർ 8 നു രാത്രി പാക് സൈനികർ താവളത്തിലേക്ക് നിരവധി തവണ ആക്രമണം നടത്തി. എന്നാൽ അവയെല്ലാം ഇന്ത്യൻ സൈന്യം പരാജയപ്പെടുത്തി. പത്തിന് രാവിലെ പാക് പാറ്റൺ ടാങ്കുകൾ വീണ്ടും ആക്രമണം തുടങ്ങി. ശത്രുക്കൾ ബറ്റാലിയന് സമീപത്തേക്കെത്തിയ നിർണായക നിമിഷത്തിൽ കമ്പനി ക്വാർട്ടർ മാസ്റ്റർ ഹവിൽദാർ അബ്ദുൽ ഹമീദ് അതിവേഗം പ്രത്യാക്രമണം ആരംഭിച്ചു. അദ്ദേഹവും സംഘവും ജീപ്പിൽ തോക്കുകളുമായി പാക് ടാങ്കുകൾക്കെതിരെ പോരാടി. എതിരാളികളുടെ പ്രധാന ടാങ്ക് പൂർണ്ണമായി തകർത്തു. മറ്റൊരു ടാങ്ക് കൂടി നശിപ്പിക്കുന്നതിനിടെ ഷെൽ സ്ഫോടനത്തിൽ അദ്ദേഹത്തിന് മാരകമായി മുറിവേറ്റു. എന്നാൽ അദ്ദേഹത്തിന്റെ നിർഭയമായ പ്രവർത്തനങ്ങളും അചഞ്ചലമായ ധൈര്യവും സഹപ്രവർത്തകർക്ക് പ്രചോദനമേകി. അത് ശത്രുവിന്റെ മുന്നേറ്റം തടയുന്നതിൽ നിർണ്ണായക പങ്കാണ് വഹിച്ചത്. 1965 സെപ്റ്റംബർ 10 ന് ഹവിൽദാർ അബ്ദുൽ ഹമീദ് വീരമൃത്യു വരിച്ചു. അദ്ദേഹത്തിന്റെ അസാധാരണ ധീരതയ്ക്കും ത്യാഗത്തിനും മരണാനന്തരം 1965 സെപ്റ്റംബർ 16 ന് രാജ്യം പരം വീരചക്രം നൽകി ആദരിച്ചു. കമ്പനി ക്വാർട്ടർ മാസ്റ്റർ ഹവിൽദാർ അബ്ദുൽ ഹമീദിനെ രാജ്യം അഭിവാദ്യം ചെയ്യുന്നു.

✪✪✪

പാക്കിസ്ഥാനു വേണ്ടി ചാരവൃത്തി നടത്തിയ കേസിൽ അറസ്റ്റിലായ യു-ട്യൂബർ ജ്യോതി മൽഹോത്രയെ ഇന്ന് ഹരിയാനയിലെ ഹിസാർ കോടതിയിൽ ഹാജരാക്കും. ഒൻപത് ദിവസത്തെ പൊലീസ് കസ്റ്റഡിക്കു ശേഷമാണ് അവരെ കോടതിയിൽ ഹാജരാക്കുന്നത്. മൽഹോത്രയെ കൂടാതെ പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നായി 12 പേരാണ് കേസിൽ അറസ്റ്റിലായത്.

✪✪✪

ഇന്നലെ കൊച്ചി തീരത്തിനു സമീപം മുങ്ങിയ കപ്പലിലെ കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി. കണ്ടെയ്നറുകൾ അടിഞ്ഞ കൊല്ലത്ത് ജില്ലാ കലക്ടർ അടക്കം ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് എത്തി.

NDRF ന്റെ പ്രത്യേക സംഘം കരയ്ക്കടിഞ്ഞ കണ്ടെയ്നറുകൾ പരിശോധിക്കുന്നതിന് തുടർ നടപടി സ്വീകരിക്കാൻ കൊല്ലത്ത് എത്തുമെന്ന്

മന്ത്രി K രാജൻ അറിയിച്ചു. ജനങ്ങൾ കണ്ടെയ്നറുകൾക്ക് അടുത്ത് പോകരുതെന്നും ജാഗ്രത പാലിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

ആലപ്പുഴ തീരത്ത് അടിഞ്ഞ കണ്ടെയ്നറിൽ ടെക്സ്റ്റയിൽ ഉത്പന്നങ്ങളാണെന്നാണ് പ്രാഥമിക നിഗമനം. ആലപ്പുഴ തറയിൽക്കടവ് ഭാഗത്താണ് കണ്ടെയ്നറുകൾ കണ്ടെത്തിയത്.

തീരത്തടിഞ്ഞ കണ്ടെനറുകളെ കുറിച്ച് ആശങ്ക വേണ്ടെന്നു കൊല്ലം കസ്റ്റംസ് സൂപ്രണ്ട്സ അറിയിച്ചു. കസ്റ്റംസിന്റെ കസ്റ്റഡിയിൽ എടുക്കുന്ന കണ്ടയ്നറുകൾ നിയമാനുസൃതം അന്വേഷണ ഏജൻസികൾക്ക് കൈമാറുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചു. ജൂൺ 19 ന് നടത്തുന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ 23 നാണ്. നാമനിർദ്ദേശ പത്രിക ജൂൺ രണ്ടു വരെ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന ജൂൺ മൂന്നിനും, പത്രിക പിൻവലിക്കാൻ ജൂൺ അഞ്ചു വരെയുമാണ് സമയമെന്ന് ചീഫ് ഇലക്ട്രൽ ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. എല്ലാ പോളിംഗ് സ്റ്റേഷനുകളിലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും, VV പാറ്റുകളും ഉപയോഗിക്കാനാണ് കമ്മീഷന്റെ തീരുമാനം. രാവിലെ ഏഴുമുതൽ വൈകിട്ട് ആറു വരെയാണ് വോട്ടെടുപ്പ്.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെ തുടർന്ന് ഇന്ന് നിശ്ചയിച്ചിരുന്ന 'കിക്ക് ഡ്രഗ്സ് - സേ യെസ് ടു സ്പോർട്സ്" ലഹരി സന്ദേശ യാത്രയുടെ മലപ്പുറത്തെ സംസ്ഥാനതല സമാപന പരിപാടികൾ മാറ്റിവെച്ചു. പെരിന്തൽമണ്ണയിലെ സ്വീകരണ പരിപാടിയും, തിരൂരിലെ സമാപന ചടങ്ങുമാണ് ഒഴിവാക്കിയത്. മാറ്റിവെച്ച പരിപാടികൾ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് നടത്തും.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team:അനിൽ ചന്ദ്രൻ*
*DEO : ഷീബ*

बहुजनहिताय बहुजनसुखाय

आकाशवाणी